"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്‌ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം പനയറ എസ്.എൻ.വി.എച്ച്.എസ്.എസ്.-ലെ അധ്യാപികയായ ശ്രീമതി ആയിഷ രാജൻ ഡി. ഫയൽ ചെയ്ത റിട്ട് ഹർജി 44112/2025 കേസിലെ 25.11.2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3689/2026/GEDN തീയതി,തിരുവനന്തപുരം, 01-06-2026

---

പരാമർശം:-

1. റിട്ട് ഹർജി 44112/2025 കേസിലെ 25.11.2024 തീയതിയിലെ വിധിന്യായം.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10/01/2026-ലെ ഇടി5/24902/2025/ഡിജിഇ നമ്പർ കത്ത്.
3. ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13/01/2026, 05/02/2026 എന്നീ തീയതികളിലെ DEOATL/243/2025-B6 നമ്പർ കത്തുകൾ.
4. തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 16/01/2026-ലെ DDETVM/450/2025-B4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പനയറ എസ്.എൻ.വി.എച്ച്.എസ്.എസ്. ലെ യു.പി.എസ്.ടി. ആയ ശ്രീമതി ഐഷ രാജൻ ഡി. ടിയാളുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത റിട്ട് ഹർജി 44112/2025 കേസിലെ 25.11.2024 തീയതിയിലെ വിധിന്യായ പ്രകാരം ഹർജിക്കാരിയെയും എതിർ കക്ഷികളെയും 16/01/2026 തീയതിയിൽ നേരിൽ കേട്ടു.

<u>2. ഹർജിക്കാരി ശ്രീമതി ഐഷ രാജൻ ഡി. യുടെ പ്രതിനിധി ചുവടെപ്പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.</u>

ചിറയിൻകീഴ് നോബിൾ ഗ്രൂപ്പ് എഡ്യൂക്കേഷൻ ഏജൻസിയുടെ മാനേജ്മെന്റിൽ പ്രവർത്തിച്ചുവരുന്ന പനയറ എസ്.എൻ.വി. ഹയർ സെക്കന്ററി സ്കൂളിൽ എച്ച്.എസ്.എസ്.ടി. (ജൂനിയർ-സുവോളജി) തസ്തികയിൽ നിയമനാംഗീകാരത്തോടെ തുടർന്നുവരുന്ന ഹർജിക്കാരിയായ ശ്രീമതി ഐഷാ രാജൻ ഡിയെ സ്കൂൾ മാനേജർ 01/06/2016 പ്രാബല്യത്തിൽ അധികമായി അനുവദനീയമായ യു.പി.എസ്.ടി തസ്തികയിൽ (അഡീഷണൽ തസ്തികയിൽ) 01/06/2016 പ്രാബല്യത്തിൽ നിയമിച്ചു.

ചിറയിൻകീഴ് നോബിൾ ഗ്രൂപ്പ് വിദ്യാഭ്യാസ ഏജൻസിയുടെ മാനേജ്മെന്റിന് കീഴിൽ

ച്ചവടെപ്പറയുന്ന 5 സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

1) എസ്.സി.വി.എൽ.പി. സ്കൂൾ, ചിറയിൻകീഴ്.
2) എസ്.സി.വി. ബോയ്സ് ഹൈസ്കൂൾ, ചിറയിൻകീഴ്.
3) എസ്.എസ്.വി ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, ചിറയിൻകീഴ്.
4) എസ്.എൻ.വി. ഹയർ സെക്കന്ററി സ്കൂൾ, പനയറ.
5) എസ്.കെ.വി. എൽ.പി. സ്കൂൾ, പരപ്പാറമുകൾ.

കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14 എ യിലെ ചട്ടം 35 പ്രകാരം ഒരേ എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്കൂളുകളിലെയും അദ്ധ്യാപകരുടെ നിയമനം, സീനിയോറിറ്റി, പ്രൊമോഷൻ, സ്ഥലംമാറ്റം, എന്നീ കാര്യങ്ങൾക്ക് ഏക യൂണിറ്റായി പരിഗണിക്കപ്പെടേണ്ടതാണ്. ആയതിനാൽ മേൽപറഞ്ഞ സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനങ്ങൾ ഏക യൂണിറ്റായി കണക്കാക്കി സീനിയോറിറ്റി നിശ്ചയിക്കുന്നതിന് 2013 കാലയളവിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും 2019 വരെ പൂർണ്ണമായും നടപ്പിലാക്കിയിരുന്നില്ല. അക്കാരണത്താൽ ഹർജിക്കാരി ഉൾപ്പടെയുള്ള നിരവധി അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചിരുന്നുമില്ല. ഈ സാഹചര്യത്തിൽ ഹർജിക്കാരി ഉൾപ്പടെയുള്ള അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കുന്നതിനായി സർക്കാർ തലത്തിൽ അദാലത്ത് നടത്തുകയും ഹർജിക്കാരി ഉൾപ്പടെയുള്ളവരുടെ നിയമനങ്ങൾ അംഗീകരിച്ചു കൊണ്ട് 06/02/2024-ലെ ജി.ഒ.(ആർ.ടി) 1021/2024/പൊ.വി.വ നമ്പർ ഉത്തരവ് പുറപ്പെടവിക്കുകയുമുണ്ടായി. പ്രസ്തുത ഉത്തരവിനോടൊപ്പമുള്ള അനുബന്ധ രേഖയിൽ ക്രമ നമ്പർ 10 ആയുള്ള ഹർജിക്കാരിയുടെ നിയമനം 2015-16 ൽ അനുവദിച്ച തസ്തികയിൽ 01/06/2016 മുതൽ നിയമനാംഗീകാരം നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇതേ ഉത്തരവിൽ ക്രമ നമ്പർ 2 ആയി രേഖപ്പെടുത്തിയിട്ടുള്ള ശ്രീമതി വി.എൻ. സോണിയയുടെ നിയമനം 2014-15ൽ തന്നെ എസ്.എസ്.വി.ജി. എച്ച്.എസ്.എസ്.ലേക്ക് 2015-ൽ തന്നെ 15/07/2019 മാറ്റി ക്രമീകരിച്ചിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത അനുബന്ധ രേഖയിൽ ഹർജിക്കാരിയുടെ നിയമന തീയതി എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടിയാളുടെ നിയമനം 01/06/2016 മുതൽ അംഗീകരിക്കാമെന്ന് രേഖപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ നിയമന തീയതി 15/07/2019 എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് പിശകായിട്ടാണ് എന്ന് അനുമാനിക്കാവുന്നതുമാണ്.

ഇതിനിടയിൽ ഹർജിക്കാരിക്ക് യു.പി.എസ്.ടി തസ്തികയിൽ നിയമനാംഗീകാരം ലഭിക്കാതിരുന്ന സാഹചര്യത്തിൽ ടിയാളുടെ ഉന്നതവിദ്യാഭ്യാസ യോഗ്യതകളുടെ അടിസ്ഥാനത്തിൽ പനയറ എസ്.എൻ.വി. ഹയർ സെക്കന്ററി സ്കൂളിൽ നിലവിൽ വന്ന എച്ച്.എസ്.എസ്.ടി. (സുവോളജി) തസ്തികയിലേക്ക് നേരിട്ടുള്ള നിയമനത്തിലൂടെ നിയമിച്ചു. എച്ച്.എസ്.എസ്.ടി. (ജൂനിയർ-സുവോളജി) തസ്തികയിലെ നിയമനം 15/07/2022 പ്രാബല്യത്തിൽ 19/03/2024 ലെ TRO3/4863/2022/RDD/HSE ഉത്തരവ് പ്രകാരം തിരുവനന്തപുരം മേഖലാ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഉപഡയറക്ടർ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

ഇതിനിടയിൽ 06/02/2024-ലെ ജി.ഒ.(ആർ.റ്റി) നം.1021/2024/പൊവിവ നമ്പർ സർക്കാർ ഉത്തരവിനോടൊപ്പമുള്ള അനുബന്ധത്തിൽ ചേർത്തിട്ടുള്ള ക്രമ നമ്പർ 2 ആയ ശ്രീമതി സോണിയ വി.എൽ.നെ സർക്കാർ ഉത്തരവിന് വിരുദ്ധമായി ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പനയറ എസ്.എൻ.വി. ഹയർ സെക്കന്ററി സ്കൂളിലേക്ക് മാറ്റി അംഗീകാരം നൽകി. ആയത് ഹർജിക്കാരിയുടെ യു.പി.എസ്.ടി തസ്തികയിലെ 01/06/2016 പ്രാബല്യത്തിലുള്ള

സർക്കാർ ഉത്തരവ് പ്രകാരമുള്ള നിയമനാംഗീകാരത്തിനെ ദോഷകരമായി ബാധിക്കുകയുണ്ടായി. ആയതിനാൽ യു.പി.എസ്.ടി തസ്തികയിലെ തന്റെ നിയമനത്തിന് അംഗീകാരം ലഭിക്കാതിരുന്ന സാഹചര്യത്തിൽ ഹർജിക്കാരി സർക്കാർ മുമ്പാകെ ഹർജി ഫയൽ ചെയ്തു. പ്രസ്തുത ഹർജിയിന്മേൽ സമയബന്ധിതമായ ഉത്തരവ് ഉണ്ടാകുന്നതിനായി ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ WP(C)No.41417/2024 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്തു. പ്രസ്തുത റിട്ട് ഹർജിയിലെ 22/11/2024-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയെയും ബന്ധപ്പെട്ടവരെയും സർക്കാർ നേരിൽ കേൾക്കുകയും എന്നാൽ ഹർജിക്കാരിയുടെ യു.പി.എസ്.ടി തസ്തികയിലെ നിയമനം 01/07/2019 മുതൽ അംഗീകരിക്കുന്നതിനാണ് 29/10/2025-ലെ സ.ഉ.(സാധാ)9095/2025 പ്രകാരം ഉത്തരവായത്. പ്രസ്തുത ഉത്തരവിൽ ശ്രീമതി സോണിയ വി.എൽ.നെ ചിറയിൻകീഴ് എസ്.എസ്.സി.വി. ഹൈസ്കൂളിലേക്ക് സ്ഥലംമാറ്റി ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച സാഹചര്യത്തിൽ ഹർജിക്കാരിയുടെ നിയമനം 01/06/2016 മുതൽ അംഗീകരിക്കുന്നതിന് 06/02/2024-ലെ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിരുന്നുവെങ്കിലും അപ്രകാരമുള്ള നിയമനാംഗീകാരത്തിന് പകരം 01/07/2019 മുതൽ അംഗീകരിച്ചതെന്നും കാണാവുന്നതാണ്. മാത്രവുമല്ല ഹർജിക്കാരി ഫയൽ ചെയ്തിരുന്ന WP(C)No.41417/2024 നമ്പർ റിട്ട് ഹർജിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 05/02/2025-ൽ ഹർജിക്കാരിയെയും ബന്ധപ്പെട്ടവരെയും നേരിൽ കേട്ടതിന് ശേഷം 31/08/2025-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ലഭ്യമാക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് 01/07/2019-ലേക്ക് മാറ്റി നിയമനം അംഗീകരിച്ചത്. ആയതിനാൽ നേരിൽ കേട്ടതിന് ശേഷം ലഭ്യമാക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ നിയമനാംഗീകാരം 01/07/2019-ലേക്ക് മാറ്റി അംഗീകരിച്ചത് സുതാര്യമല്ല എന്നും കാണേണ്ടതാണ്.

06/02/2024-ലെ സ.ഉ.(സാധാ) 1021/2024/പൊ.വി.വ നമ്പർ ഉത്തരവിൽ 01/06/2016 പ്രാബല്യത്തിൽ തന്നെ ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം യു.പി.എസ്.ടി തസ്തികയിൽ 2 ഒഴിവുകൾ നിലവിൽ വന്നിരുന്നു എന്നതും ശ്രദ്ധേയമാണ്.

1) ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 29/01/2024-ലെ ബി6/56877/2023 നമ്പർ ഉത്തരവ് പ്രകാരം യു.പി.എസ്.എ ആയിരുന്ന ശ്രീ.ഷിബു ജി.എസ്. നെ സ്ഥാനക്കയറ്റം നല്കി ചട്ടം 43 അവകാശി എന്ന നിലയിൽ എച്ച്.എസ്.ടി. (മലയാളം) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി 01/07/2019 പ്രാബല്യത്തിൽ അംഗീകരിച്ച് ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് 01/07/2019 മുതൽ യു.പി.എസ്.റ്റി. തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിലാണെന്ന് കാണാവുന്നതാണ്.

2) ആറ്റിങ്ങൽ ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ 01/09/2025-ലെ ബി6/719667/2024 നമ്പറിലുള്ള ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിൽ യു.പി.എസ്.ടി തസ്തികയിൽ തുടർന്നിരുന്ന ശ്രീ.ഉണ്ണി ജി.കണ്ണനെ എച്ച്.എസ്.ടി. (എസ്.എസ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കി 01/06/2016 മുതൽ നോഷണലായി അംഗീകരിച്ചിട്ടുള്ളതാണ്. ആയതിനാൽ 01/09/2025 ലെ ഉത്തരവ് പ്രകാരം യു.പി.എസ്.ടി തസ്തികയിൽ മറ്റൊരു ഒഴിവും നിലവിൽ വന്നിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ഹർജിക്കാരിയുടെ 01/06/2016 മുതലുള്ള നിയമനം നിയമന തീയതി മുതൽ തന്നെ അംഗീകരിക്കുന്ന വിഷയം പരിഗണിക്കേണ്ടതാണ്.

കൂടാതെ 06/02/2024-ലെ ജി.ഒ.(ആർ.ടി)1021/2024/ജി.ഇ.ഡി.എൻ നമ്പർ അനുബന്ധ രേഖയിലെ 5-ാം ക്രമനമ്പരായ ശ്രീമതി ഋഷിസംഘ യെ എസ്.എസ്.വി.ജി. ഹൈസ്കൂളിൽ

01/06/2018 പ്രാബല്യത്തിലാണ് നിയമിച്ചത്. ഇതേ ഉത്തരവിൽ ടിയാളെ 2018-19 ലെ 9-ാ മത്തെ തസ്തികയിൽ 01/06/2018 മുതൽ നിയമനാംഗീകാരം നല്കുന്നതിനും ഉത്തരവായതായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. ശ്രീമതി ഋഷിസംഘ യെ 01/06/2018 പ്രാബല്യത്തിലാണ് മാനേജർ നിയമിച്ചത്. എന്നാൽ 01/06/2016 മുതൽ യു.പി.എസ്.ടി തസ്തികയിൽ നിയമനം ലഭിച്ച് തുടർന്നുവരുന്ന ഹർജിക്കാരിക്ക് ടിയാളുടെ ജൂനിയറായി രണ്ട് വർഷത്തിന് ശേഷം നിയമിക്കപ്പെട്ട ശ്രീമതി ഋഷിസംഘ യ്ക്ക് 01/06/2018 മുതൽ നിയമനാംഗീകാരം നല്കാനും സീനിയറായ ഹർജിക്കാരിക്ക് 01/07/2019 മുതൽ മാത്രം നിയമനാംഗീകാരം നല്കുന്നതിനും തീരുമാനമെടുത്തിരിക്കുന്നത് സാമാന്യ നീതിക്ക് വിരുദ്ധവും പുനഃപരിശോധിക്കപ്പെടേണ്ടതുമാണ്.

ഈ വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ച 18/12/2019-ലെ സ.ഉ.(സാധാ)5533/2019/പൊ.വി.വ നമ്പർ ഉത്തരവിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കോഴിക്കോട് ഹസാനിയ യു.പി. സ്കൂളിൽ നിയമിക്കപ്പെട്ട നിരവധി അദ്ധ്യാപകരുടെ നിയമനാംഗീകാരം പരിഗണിച്ച് സർക്കാർ പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവിൽ നിയമനാംഗീകാരമില്ലാതെ തുടരുന്നവരെ ആദ്യമാദ്യം ലഭ്യമായ നിയമനാംഗീകാരം ലഭിക്കാനുതകുന്ന സ്ഥിരം ഒഴിവിലേക്ക് നിയമനാംഗീകാരം നല്കുന്നതിനാണ് സർക്കാർ ഉത്തരവായിട്ടുള്ളത്. ആയതിനാൽ നിയമനാംഗീകാരം ഇല്ലാതെ തുടരുന്ന അദ്ധ്യാപകരെ നിയമന തീയതിയുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ആദ്യമാദ്യം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനാംഗീകാരം നല്കി ക്രമീകരിക്കണമെന്ന നിയമതത്വം പാലിക്കപ്പെടേണ്ടതാണ്. അക്കാരണത്താൽ 01/06/2018 മുതൽ മാത്രം നിയമിക്കപ്പെട്ട ശ്രീമതി ഋഷി സംഘയ്ക്ക് 01/06/2018 മുതൽ തന്നെ നിയമനാംഗീകാരം നല്കുന്നതിനും എന്നാൽ 01/06/2016 മുതൽ നിയമനാംഗീകാരമില്ലാതെ തുടരുന്ന ഹർജിക്കാരി ശ്രീമതി ഐഷാ രാജന് 01/07/2019 മുതൽ മാത്രം നിയമനാംഗീകാരം നല്കുന്നതിനുള്ള തീരുമാനം പുനഃപരിശോധിക്കപ്പെടേണ്ടതാണ്.

മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണനയിലെടുത്ത് ഹർജിക്കാരിയായ ശ്രീമതി ഐഷ രാജൻ ഡി. യുടെ യു.പി.എസ്.ടി തസ്തികയിലെ നിയമനം ശ്രീ.ഉണ്ണി ജി. കണ്ണന് 01/06/2016 മുതൽ എച്ച്.എസ്.ടി തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കിയ ഒഴിവിൽ 01/06/2016 മുതലോ അല്ലാത്തപക്ഷം 01/06/2018 മുതലോ (ജൂനിയറായ ശ്രീമതി ഋഷി സംഘയുടെ നിയമനാംഗീകാരം 01/07/2019 ലേക്ക് മാറ്റി) അംഗീകരിച്ച് ഉത്തരവാകണമെന്നും തദനുസൃതമായ നിർദ്ദേശം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നല്കി കോടതിവിധി നടപ്പാക്കണമെന്നും അപേക്ഷിക്കുന്നു.

<u>3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമായിരുന്നു.</u>

ചിറയിൻകീഴ് നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസിന്റെ കീഴിലുള്ള പനയറ എസ്.എൻ.വി.എച്ച്.എസ്.എസ്. ലെ 2015-16 വർഷത്തെ അധിക തസ്തികയിൽ ശ്രീമതി ഐഷ രാജൻ ഡി.-യെ 01/06/2016 മുതൽ മാനേജർ നിയമിച്ചുകൊണ്ട് നിയമനാംഗീകാരത്തിനായി പ്രൊപ്പോസൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയിരുന്നു. എന്നാൽ സീനിയർ യു.പി.എസ്.റ്റി.മാരുടെ നിയമനങ്ങൾക്ക് അംഗീകാരം നല്കിയിട്ടില്ലാത്തതിനാൽ ടി നിയമനത്തിന് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിരുന്നില്ല. 04/10/2023 ന് സർക്കാർ തലത്തിൽ നടത്തിയ അദാലത്തിലെ തീരുമാനപ്രകാരം പുറപ്പെടുവിച്ച സ.ഉ.(സാധാ)നം.1021/2024/പൊവിവ തീയതി 06/02/2024 പ്രകാരം "എസ്.എൻ.വി.എച്ച്.എസ്. പനയറ സ്കൂളിലെ 2015-16 ൽ അനുവദിച്ച അധിക

തസ്തികയിൽ (8-മത്തെ) 01/06/2016 മുതൽ അംഗീകാരം നൽകാവുന്നതാണെന്നും സ്റ്റാഫ് ലിസ്റ്റ് പ്രകാരം 8 പേർ ഉണ്ടെങ്കിലും ആയതിൽ ശ്രീമതി സോണിയ വി.എൽ.-നെ എസ്.സി.വി.ബി.എച്ച്.എസ്. ചിറയിൻകീഴിലേക്ക് 2014-15 ൽ തന്നെ മാറ്റി ക്രമീകരിച്ചിട്ടുണ്ട്. 2019-20 വർഷം തസ്തിക നഷ്ടം വരുന്നതിനാൽ പുറത്തുപോകേണ്ടി വരുന്നു എന്നും ഉത്തരവിൽ പറഞ്ഞിട്ടുണ്ടായിരുന്നു." എന്നാൽ 2016-17 ലെ തസ്തിക നിർണ്ണയത്തിൽ പ്രസ്തുത സ്കൂളിൽ ഒരു യു.പി.എസ്.റ്റി തസ്തിക നഷ്ടമാകുന്നുണ്ട്. ആയതിനാൽ 2016-17, 2017-18 വർഷങ്ങളിൽ ടിയാളെ ഉൾക്കൊള്ളുന്നതിനുള്ള തസ്തിക ലഭ്യമല്ലായിരുന്നു.

പനയറ എസ്.എൻ.വി.എച്ച്.എസ്.-ലെ യു.പി.എസ്.റ്റി ആയ ശ്രീമതി റീജ ആർ.ജി.-ക്ക് 03/06/2013 ൽ എച്ച്.എസ്.റ്റി ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലായിരുന്നു ശ്രീമതി സോണിയ വി.എൽ. നെ 03/06/2013 മുതൽ മാനേജർ നിയമിച്ചിരുന്നത്. 2013-14 വർഷം 2014-15 വർഷം സ്കൂളിൽ 7 യു.പി.എസ്.റ്റി തസ്തിക അനുവദിച്ചിരുന്നെങ്കിലും സ്റ്റാഫ് ലിസ്റ്റ് പ്രകാരം 8 യു.പി.എസ്.റ്റി. മാർ നിലനിൽക്കുന്നുണ്ടായിരുന്നു. 2014-15 വർഷം ശ്രീമതി റീജയുടെ എച്ച്.എസ്.റ്റി തസ്തിക നഷ്ടമാകുകയും ശ്രീമതി സോണിയ വി.എൽ. നിലനിന്നിരുന്ന യു.പി.എസ്.റ്റി തസ്തികയിലേക്ക് റിവേർട്ട് ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന് ശ്രീമതി സോണിയയ്ക്ക് നിലനിൽക്കാൻ തസ്തിക ഇല്ലാതെ വരുകയും ടി അധ്യാപികയുടെ നിയമനം നിരസിക്കുകയും ചെയ്തു. എസ്.എസ്.വി.ജി.എച്ച്.എസ്.എസ് ചിറയിൻകീഴിൽ ഉണ്ടായ അധിക തസ്തികയിൽ ഒഴിവുള്ളതിനാൽ ശ്രീമതി സോണിയയെ 15/07/2014 മുതൽ ടി സ്കൂളിൽ ക്രമീകരിച്ച് നൽകാൻ ഉത്തരവാകുകയും തുടർന്ന് ടി അധ്യാപികയുടെ 15/07/2014 ലുള്ള നിയമനം ചിറയിൻകീഴ് എസ്.എസ്.വി.ജി.എച്ച്.എസ്.എസ്-ലും 15/07/2015 മുതൽ പനയറ എസ്.എൻ.വി.എച്ച്.എസ്.-ൽ ശ്രീമതി റീജ ആർ.ജി.യുടെ പ്രൊമോഷൻ അംഗീകരിച്ചത് മൂലമുണ്ടായ ഒഴിവിലും മാനേജർ മാറ്റി നിയമിക്കുകയും ടി നിയമനത്തിന് അംഗീകാരം ലഭിക്കുകയും ചെയ്തു. മേൽ സാഹചര്യത്തിൽ ശ്രീമതി ഐഷാ രാജന്റെ 01/06/2016 മുതലുള്ള നിയമനം അംഗീകരിച്ച് നൽകാൻ കഴിഞ്ഞിരുന്നില്ല. ചിറയിൻകീഴ് നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾ മാനേജർ 15/07/2019 മുതൽ യു.പി.എസ്.റ്റി ആയ ശ്രീ.ഷിബു ജി.എസ്. എന്ന അധ്യാപകന് എച്ച്.എസ്.റ്റി ആയി സ്ഥാനക്കയറ്റ നിയമനം നൽകുകയും ടി നിയമനത്തിന് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകുകയും ചെയ്തിരുന്നു. ശ്രീമതി ഐഷാ രാജന് 01/06/2016 മുതൽ നിയമനാംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ടു ബഹു. ഹൈക്കോടതിയിൽ WP(C)No.41417/2024 ഫയൽ ചെയ്യുകയും ആയതിന്മേൽ 22/11/2024 തീയതിയിൽ വിധിന്യായം പുറപ്പെടുവിക്കുകയും ഇത് പ്രകാരം പുറപ്പെടുവിച്ച സ.ഉ.(സാധാ)നം.9095/2025/പൊവിവ തീയതി 29/10/2025 ന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവായി. 2016-17, 2017-18 വർഷങ്ങളിൽ ശ്രീമതി ഐഷാ രാജനെ ഉൾക്കൊള്ളുന്നതിനുള്ള തസ്തിക ലഭ്യമല്ലാത്തതിനാൽ 15/07/2019 മുതൽ ശ്രീ.ഷിബു ജി.എസ്.-ന്റെ സ്ഥാനക്കയറ്റ നിയമനം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുള്ളതിനാൽ ശ്രീമതി ഐഷാ രാജനെ 01/07/2019 മുതൽ നിയമിച്ച ഒഴിവ് വ്യവസ്ഥാപിതമായിട്ടുണ്ട്. ആയതിനാൽ ടി ഒഴിവിൽ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ഭിന്നശേഷി സംവരണ നിയമത്തിനു വിധേയമായി 01/07/2019 മുതലുള്ള നിയമനത്തിന് അംഗീകാരം നൽകുവാൻ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകിയാണ് ഉത്തരവായത്. ഇത് പ്രകാരം ശ്രീമതി ഐഷാ രാജനു 01/07/2019 മുതൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ ബി6/761169/2024 തീയതി 27/12/2025 പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

പനയറ എസ്.എൻ.വി.എച്ച്.എസ്.-ലെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്)

അദ്ധ്യാപിക ആയിരുന്ന ശ്രീമതി അജിതകുമാരിയ്ക്ക് 01/06/2015 മുതൽ പ്രഥമാധ്യാപികയായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവിൽ 02/06/2008 മുതൽ അംഗീകാരമുള്ള യു.പി.എസ്.റ്റി അദ്ധ്യാപകൻ ശ്രീ.ഉണ്ണി ജി.കണ്ണനെ 01/06/2016 മുതൽ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) അദ്ധ്യാപകനായി സ്ഥാനക്കയറ്റം നൽകി നിയമനം ക്രമീകരിച്ച് കൊണ്ട് മാനേജർ അംഗീകാരത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ടി ഒഴിവിൽ മാനേജർ 01/06/2016 മുതൽ ശ്രീ.സിജു എസ്. എന്ന അധ്യാപകനെ നേരിട്ട് നിയമിച്ചിരുന്നു എന്ന കാരണത്താൽ ശ്രീ. ഉണ്ണി ജി.കണ്ണൻ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ച അപേക്ഷയിൽ 01/06/2016 മുതൽ 07/09/2021 വരെയുള്ള കാലയളവ് ഒഴിവാക്കി മറ്റൊരു വ്യവസ്ഥാപിത ഒഴിവിൽ 08/09/2021 മുതൽ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) നിയമനം അംഗീകരിച്ചു നൽകിയിരുന്നു. ഇതിനെതിരെ ശ്രീ.ഉണ്ണി ജി. കണ്ണൻ നൽകിയ പരാതിയിന്മേൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം റൂൾ 43 അവകാശിയായ ശ്രീ. ഉണ്ണി ജി. കണ്ണന് എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) ആയി സ്ഥാനക്കയറ്റം നൽകാതെ നേരിട്ട് എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) ആയി നിയമിച്ച ശ്രീ. സിജു എസ്., ശ്രീമതി രജനി എം.ആർ. എന്നിവരുടെ 01/06/2016 മുതലുള്ള നിയമനം നിരസിച്ചു നൽകിയിരുന്നു. 06/02/2024 ലെ സ.ഉ.(സാധാ) നം.1021/2024/പൊവിവ തീയതി 06/02/2024 പ്രകാരം ശ്രീമതി രജനി എം.ആർ.-ന്റെ നിയമനം അംഗീകരിക്കണമെങ്കിൽ ചട്ടം 43 അവകാശിക്ക് മുൻകാല സർവീസ് ക്രമീകരിച്ചു നൽകേണ്ടതാണെന്ന നിർദേശം നൽകിയിരുന്നു. ഇത് പ്രകാരം ശ്രീ.ഉണ്ണി ജി. കണ്ണനെ 01/06/2016 മുതൽ എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്) അദ്ധ്യാപകനായി സ്ഥാനക്കയറ്റം നൽകി ക്രമീകരിച്ചുകൊണ്ടുള്ള നിയമനം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നമ്പർ B6/719667/2024 തീയതി 01/09/2025 പ്രകാരം നോഷണലായി അംഗീകരിച്ച് നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ നോബിൾ ഗ്രൂപ്പ് മാനേജർ ശ്രീ. ഉണ്ണി ജി.കണ്ണനെ 01/06/2016 മുതൽ എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) ആയി സ്ഥാനക്കയറ്റം നൽകി ക്രമീകരിക്കുകയും നോഷണലായി അംഗീകാരം ലഭിക്കുകയും ചെയ്ത ഒഴിവിലേക്ക് ശ്രീമതി ഐഷാ രാജന്റെ 01/06/2016 മുതലുള്ള യു.പി.എസ്.റ്റി നിയമനം ക്രമീകരിക്കുവാൻ ഒഴിവ് വ്യവസ്ഥാപിതമാണ്.

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി ഐഷ രാജനെ 01/06/2016 മുതൽ പനയറ എസ്.എൻ.വി.എച്ച്.എസ്.എസ്.ൽ മാനേജർ നിയമിച്ചു. സീനിയർ യു.പി.എസ്.ടി., നിയമനാംഗീകാരം ലഭിക്കാതെ നിൽക്കുന്ന കാരണത്താൽ ടി നിയമനം അംഗീകരിക്കപ്പെട്ടില്ല. ടി മാനേജ്മെന്റിന് കീഴിൽ നിരവധി അധ്യാപകർക്ക് നിയമനം ലഭിക്കാനുണ്ട് എന്ന പരാതിയിൽ സർക്കാർ നടത്തിയ അദാലത്തിലെ തീരുമാനപ്രകാരം 06/02/2024 ലെ G.O.(Rt)No.1021/2024/G.Edn. അനുസരിച്ച് എസ്.എൻ.വി.എച്ച്.എസ്.എസ്.ൽ 2015-16 വർഷത്തെ അധിക തസ്തികയിൽ ഹർജിക്കാരിയെ നിയമിക്കാൻ ഉത്തരവായിരുന്നു. 2016-17 തസ്തിക നിർണയത്തിൽ പ്രസ്തുത സ്കൂളിൽ ഒരു യു.പി.എസ്.ടി തസ്തിക നഷ്ടമായതിനാൽ ശ്രീമതി ഐഷ രാജൻ ഡി. യെ 01/06/2016 മുതൽ നിയമിക്കുന്നതിനുള്ള തസ്തിക സ്ഥാപിതമല്ലായിരുന്നു. ഈ ആവശ്യം ഉന്നയിച്ച് ശ്രീമതി ഐഷ രാജൻ ബഹു.ഹൈക്കോടതി മുമ്പാകെ WP(C) 41417/2024 ഫയൽ ചെയ്യുകയും അതിന്മേലുള്ള 22/11/2024 തീയതിയിലെ വിധിന്യായ പ്രകാരം സർക്കാരിനോട് ടിയാൻ ഫയൽ ചെയ്ത ഹർജി പരിശോധിച്ചു തീരുമാനമെടുക്കാൻ ഉത്തരവാകുകയും ചെയ്തു. ആയത് പ്രകാരം ഭിന്നശേഷി

സംവരണ നിയമത്തിന് വിധേയമായി ശ്രീമതി ഐഷ രാജന്റെ നിയമനം 01/07/2019 മുതൽ ജി.ഒ.(ആർ.റ്റി) നം.9095/2025/പൊവിവ തീയതി 29/10/2025 പ്രകാരം അംഗീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഹർജിക്കാരിയുടെ യു.പി.എസ്.ടി തസ്തികയിലെ നിയമനം ശ്രീ.ഉണ്ണി ജി. കണ്ണന് 01/06/2016 മുതൽ എച്ച്.എസ്.ടി തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 01/06/2016 മുതലോ അല്ലാത്തപക്ഷം 01/06/2018 മുതൽ (ജൂനിയർ ആയ ശ്രീമതി ഋഷിസംഘ യുടെ നിയമന അംഗീകാരം 01/07/2019 ലേക്ക് മാറ്റി) അംഗീകരിക്കണം എന്നുള്ളതാണ് നിലവിലെ ഹർജിയിലെ ആവശ്യം.

5. ശ്രീ.ഉണ്ണി ജി.കണ്ണനെ 01/06/2016 മുതൽ എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) ആയി സ്ഥാനക്കയറ്റം നൽകി ക്രമീകരിക്കുകയും നോഷണൽ ആയി അംഗീകരിക്കുകയും ചെയ്ത ഒഴിവിലേക്ക് ശ്രീമതി ഐഷാ രാജന്റെ 01/06/2016 മുതലുള്ള യു.പി.എസ്.ടി നിയമനം ക്രമീകരിക്കാൻ ഒഴിവ് വ്യവസ്ഥാപിതമാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ ശ്രീ. ഉണ്ണി ജി. കണ്ണനെ 01/06/2016 മുതൽ എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) ആയി സ്ഥാനക്കയറ്റം നൽകി ക്രമീകരിക്കുകയും നോഷണലായി അംഗീകാരം ലഭിക്കുകയും ചെയ്ത ഒഴിവിലേക്ക് ശ്രീമതി ഐഷാ രാജന്റെ 01/06/2016 മുതലുള്ള യു.പി.എസ്.റ്റി നിയമനം ക്രമീകരിക്കുവാൻ ഒഴിവ് വ്യവസ്ഥാപിതമാണെന്ന പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ടി ഒഴിവിൽ, മറ്റ് എല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ, ശ്രീമതി ഐഷ രാജൻ ഡി. യുടെ 01/06/2016 മുതലുള്ള യു.പി.എസ്.ടി. നിയമനം നോഷണലായി ക്രമീകരിച്ച് അംഗീകാരം നൽകുവാൻ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. മേൽ പ്രകാരം പനയറ എസ്.എൻ.വി.എച്ച്.എസ്.എസ്. ലെ യു.പി.എസ്.ടി. ആയ ശ്രീമതി ഐഷ രാജൻ ഡി. ഫയൽ ചെയ്ത റിട്ട് ഹർജി 44112/2025 കേസിലെ 25.11.2024 തീയതിയിലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം. (ആമുഖ കത്ത് സഹിതം)
ശ്രീമതി ആയിഷ രാജൻ ഡി., എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) (സുവോളജി),
എസ്.എൻ.വി.എച്ച്.എസ്.എസ്., പനയറ, മുട്ടപ്പാലം പി.ഒ., വർക്കല, തിരുവനന്തപുരം-695 145.
കോർപ്പറേറ്റ് മാനേജർ, നോബിൾ ഗ്രൂപ്പ് ഓഫ് സ്കൂൾസ്, ചിറയിൻകീഴ്, ചിറയിൻകീഴ് പി.ഒ.,
തിരുവനന്തപുരം-695 304.
ശ്രീമതി വി.എൽ.സോണിയ, എസ്.എൻ.വി.എച്ച്.എസ്.എസ്., പനയറ, മുട്ടപ്പാലം പി.ഒ.,
വർക്കല, തിരുവനന്തപുരം-695 145.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)

നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ1/231/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 01-06-2026 15:11:56

സെക്ഷൻ ഓഫീസർ